(എ) സംസ്ഥാന ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പരിശീലന ഗവേഷണ കേന്ദ്രം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) ഇതു സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. രണ്ടാംവർഷ പരിപാടിയുടെ ഭാഗമായി ഹയർ സെക്കണ്ടറി വകുപ്പിൽ ഒരു മാനവവിഭവശേഷി വികസനകേന്ദ്രം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസമേഖലയിലെ ഗുണനിലവാര പ്രശ്നങ്ങൾ എന്ന എം. ജി. പി. സംരംഭത്തിന്റെ (Initiative) പൂർത്തീകരണത്തിനായി ഡിപ്പാർട്ടുമെന്റ് ആസൂത്രണം ചെയ്തിട്ടുള്ള നാല് പദ്ധതികളിൽ നവീകരണപരിപാടികളിലൊന്നാണ് ഇത്തരം ഒരു പരിശീലന കേന്ദ്രം ആരംഭിക്കുകയെന്നത്. ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് അത്യാധുനിക മായ അദ്ധ്യാപന രീതികളിലും മറ്റും നിരന്തര പരിശീലനം നൽകുകയും, സ്ഥാപനതല വികസനത്തിന് കേന്ദ്രീകൃതമായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയുമാണ് ഈ കേന്ദ്രത്തിന്റെ ലക്ഷ്യം. ഇതുകൂടാതെ കരിയർ ഗൈഡൻസ്, കൗൺസലിംഗ്, എൻ. എസ്. എസ്. തുടങ്ങിയ രാഷ്ട്ര നിർമ്മാണ പ്രവർത്തനങ്ങൾ, നിരന്തര മൂല്യനിർണ്ണയത്തിന്റെ ഭാഗമായിക്കഴിഞ്ഞ അക്കാദമികേതര പ്രവർത്തനങ്ങൾ എന്നിവയും ഈ കേന്ദ്രത്തിന്റെ പ്രവർത്തനമേഖലയിൽ പെടുന്നു.

(സി) ഈ കേന്ദ്രത്തിന്റെ സാദ്ധ്യതാപഠനം നടത്തുവാനായി ഹൈദരാബാദിലുള്ള സമാജ് വികാസ് എന്ന കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രൊജക്ട് അന്തിമഘട്ടത്തിലാണ്.

മൈക്രോസോഫ്റ്റിന്റെ കമ്പ്യൂട്ടർ അക്കാഡമി

104 [2423] ശ്രീ. കെ. സി. ജോസഫ്:
,, ടി. എൻ. പ്രതാപൻ:
,, എം. എം. ഹസ്സൻ:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈക്രോസോഫ്റ്റ് വാഗ്ദാനം ചെയ്ത കമ്പ്യൂട്ടർ അക്കാഡമി സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണ്;

(ബി) ഈ അക്കാഡമി സ്ഥാപിക്കുന്നതിനുള്ള സ്ഥലവും കെട്ടിടവും സൗജന്യമായി നൽകേണ്ടതുണ്ടോ;

(സി) എങ്കിൽ ഇതിനായി സ്ഥലവും കെട്ടിടവും നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) 30-10-2004-ൽ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രതിവർഷം ഒരു രൂപ വാടക ഈടാക്കിക്കൊണ്ട് സ്ഥലവും കെട്ടിടവും 5 വർഷത്തേയ്ക്കു നൽകണമെന്നതാണ് വ്യവസ്ഥ.

(സി) ഇല്ല.

കേരള സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിൽ ഡയറക്ടർ നിയമനം

105 [2426] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിൽ സ്ഥിരം ഡയറക്ടറെ നിയമിക്കുന്നതിന് നടത്തിയ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർ നിയമനത്തിനുള്ള കാലതാമസം ഒഴിവാക്കുമോ;

(ബി) ആവശ്യമായ യോഗ്യതകളും ഇല്ലാത്ത വ്യക്തി വളരെക്കാലമായി മ്യൂസിയം ഡയറക്ടറുടെ ചാർജ്ജ് വഹിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയും യൂണിയൻ പ്രതിനിധികളുമായി 9-12-2004-ൽ നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ നടപ്പിലാക്കുവാൻ അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം.

(എ) നേരത്തെ നടത്തിയ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ സ്ഥിരം ഡയറക്ടറെ നിയമിക്കുന്നില്ല. താൽക്കാലികമായി ഈ തസ്തികയിലേക്ക് നിയമനം നടത്തുന്നതാണ്.

(ബി & സി) മ്യൂസിയം ഡയറക്ടർക്കുള്ള യോഗ്യതകളും സ്പെഷ്യൽ റൂൾസ് നടപ്പിൽ വന്നാൽ മാത്രമേ വ്യക്തമാക്കാനാവൂ. ഇപ്പോൾ ഡയറക്ടറുടെ ചുമതല വഹിക്കുന്ന വ്യക്തി മ്യൂസിയത്തിലെ സീനിയർ മോസ്റ്റ് ഓഫീസറാണ്.

(ഡി) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിന് പ്രത്യേക പ്രവേശന പരീക്ഷ

106 [2427] ശ്രീ. തോമസ് ഉണ്ണിയാടൻ:
.. സ്റ്റീഫൻ ജോർജ്ജ്:
ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകളിലേക്ക് നടത്തപ്പെടുന്ന എൻട്രൻസ് പരീക്ഷകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും വളരെ കുറച്ച് വിദ്യാർത്ഥികളും മാത്രമെ യോഗ്യതാ ലിസ്റ്റിൽ സ്ഥാനം പിടിക്കുന്നുള്ളു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly